**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4131** **03-03-2023 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ മുളവുകാട് ഗ്രാമപഞ്ചായത്തിലെ ഒൻപതാം വാർഡിൽ പ്രവർത്തിക്കുന്ന 99-ാം നമ്പർ അംഗൻവാടിക്കായി നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടോ; തുക എത്രയെന്നും ഏത് സാമ്പത്തിക വർഷത്തെ പദ്ധതിയിലാണ് തുക വകയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഉണ്ട്. 2016-2017 സാമ്പത്തിക വർഷത്തിൽ 14.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ കരാർ ആരാണ് എടുത്തിട്ടുള്ളതെന്നും കരാർ കാലാവധി എന്നാണ് അവസാനിക്കുന്നതെന്നും കരാർ കാലാവധി നീട്ടി നൽകിയിട്ടുണ്ടോയെന്നും എങ്കിൽ അത് എന്നുവരെയെന്നും വിശദമാക്കാമോ; | (ബി) | 08.02.2021-ലെ 178/EE/LSGD/20-21-എന്ന നമ്പർ എഗ്രിമെന്റ് പ്രകാരം ശ്രീ.ലിജു പൗലോസ് എന്ന കരാറുകാരന് 6 മാസം കാലാവധിയിൽ കരാർ നൽകിയിരുന്നു.<br><br>പ്രസ്തുത കാലാവധി നീട്ടി നൽകിയിട്ടില്ല. |
| (സി) | പ്രവൃത്തി നാളിതുവരെ ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (സി) | അംഗൻവാടി കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന പ്ലോട്ട് മുളവുകാട് ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ റോഡ് എന്ന ഇനത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കെട്ടിടം റോഡിന്റെ വശത്തായി ഒഴിഞ്ഞുകിടക്കുന്ന 0.95 ആർ വസ്തുവിൽ നിർമ്മിക്കുവാൻ മുളവുകാട് ഗ്രാമ പഞ്ചായത്തിൽ നിന്നും NOC ലഭ്യമാക്കുകയും ചെയ്തിരുന്നു. എന്നാൽ ടി പ്രവൃത്തി നിർവ്വഹണത്തിനായി സ്ഥലം സന്ദർശിച്ചവേളയിൽ പ്രദേശവാസി, നിർമ്മാണം നടത്തേണ്ട സ്ഥലം സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറിക്ക് പരാതി നല്കിയതിനാലും ടി സ്ഥലവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ കേസ് നിലവിലുള്ളതിനാലുമാണ് ടി പ്രവൃത്തി നാളിതുവരെ തുടങ്ങുവാൻ സാധിക്കാത്തത്. |
| (ഡി) | പ്രസ്തുത പ്രവൃത്തി നാളിതുവരെ ആരംഭിക്കാത്തത് സംബന്ധിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ; | (ഡി) | പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്ന വിവരം തദ്ദേശസ്വയംഭരണ വകുപ്പ് എറണാകുളം എക്സിക്യൂട്ടീവ് എൻജിനീയർ, വൈപ്പിൻ എം.എൽ.എ. ശ്രീ. |

| | | | |
|---|---|---|---|
| | | | കെ.എൻ. ഉണ്ണികൃഷ്ണന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.<br><br>സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ഇ) | ഈ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്ത സാഹചര്യമാണെങ്കിൽ അനുവദിച്ച തുക നഷ്ടമാകാതെ മറ്റൊരു പ്രവൃത്തിക്കായി മാറ്റി അനുമതി ലഭ്യമാക്കാമോ; ഇതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | സർക്കാരിൽ ശിപാർശ ലഭ്യമാകുന്ന മുറക്ക് പുതിയ ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:4131 03.03.2023-ൽ മറുപടിയ്ക്ക്

## വൈപ്പിൻ മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട്

| ചോദ്യം<br>**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ** | | മറുപടി<br>**എം.ബി.രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | വൈപ്പിൻ മണ്ഡലത്തിലെ മുളവുകാട് ഗ്രാമ പഞ്ചായത്തിലെ ഒൻപതാം വാർഡിൽ പ്രവർത്തിക്കുന്ന 99-ാാം നമ്പർ അംഗൻവാടിക്കായി നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടോ, തുക എത്രയെന്നും ഏത് സാമ്പത്തിക വർഷത്തെ പദ്ധതിയിലാണ് തുക വകയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഉണ്ട്. 2016-2017 സാമ്പത്തിക വർഷത്തിൽ 14.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ കരാർ ആരാണ് എടുത്തിട്ടുള്ളതെന്നും കരാർ കാലാവധി എന്നാണ് അവസാനിക്കുന്നതെന്നും കരാർ കാലാവധി നീട്ടി നൽകിയിട്ടുണ്ടോയെന്നും എങ്കിൽ അത് എന്നുവരെയെന്നും വിശദമാക്കാമോ; | (ബി) | 08.02.2021-ലെ 178/EE/LSGD/20-21-എന്ന നമ്പർ എഗ്രിമെന്റ് പ്രകാരം ശ്രീ.ലിജു പൗലോസ് എന്ന കരാറുകാരന് 6 മാസം കാലാവധിയിൽ കരാർ നൽകിയിരുന്നു.<br>പ്രസ്തുത കാലാവധി നീട്ടി നൽകിയിട്ടില്ല |
| (സി) | പ്രവൃത്തി നാളിതുവരെ ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (സി) | അംഗൻവാടി കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന പ്ലോട്ട് മുളവുകാട് ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ റോഡ് എന്ന ഇനത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കെട്ടിടം റോഡിന്റെ വശത്തായി ഒഴിഞ്ഞുകിടക്കുന്ന 0.95 ആർ വസ്തുവിൽ നിർമ്മിക്കുവാൻ മുളവുകാട് ഗ്രാമ പഞ്ചായത്തിൽ നിന്നും NOC ലഭ്യമാക്കുകയും ചെയ്തിരുന്നു. എന്നാൽ ടി പ്രവൃത്തി നിർവ്വഹണത്തിനായി സ്ഥലം സന്ദർശിച്ചവേളയിൽ പ്രദേശവാസി, നിർമ്മാണം നടത്തേണ്ട സ്ഥലം സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറിക്ക് പരാതി നല്കിയതിനാലും ടി സ്ഥലവു |

| | | | |
|---|---|---|---|
| | | | മായി ബന്ധപ്പെട്ട് പഞ്ചായത്തിൽ കേസ് നിലവിലുള്ളതിനാലുമാണ് ടി പ്രവൃത്തി നാളിതുവരെ തുടങ്ങുവാൻ സാധിക്കാത്തത്. |
| (ഡി) | പ്രസ്തുത പ്രവൃത്തി നാളിതുവരെ ആരംഭിക്കാത്തത് സംബന്ധിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ; | (ഡി) & (ഇ) | പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്ന വിവരം തദ്ദേശസ്വയംഭരണ വകുപ്പ് എറണാകുളം എക്സിക്യൂട്ടീവ് എൻജിനീയർ, വൈപ്പിൻ എം.എൽ.എ. ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണന്റെശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ഇ) | ഈ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്ത സാഹചര്യമാണെങ്കിൽ അനുവദിച്ച തുക നഷ്ടമാകാതെ മറ്റൊരു പ്രവൃത്തിക്കായി മാറ്റി അനുമതി ലഭ്യമാക്കാമോ; ഇതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | സർക്കാരിൽ ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പുതിയ ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്. |

**M B RAJESH**
**MINISTER**

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ആസ്തി വികസന പദ്ധതി - (എൽ.എ.സി-എ.ഡി.എസ്) - എറണാകുളം ജില്ലയിലെ വൈപ്പിൻ നിയോജകമണ്ഡലത്തിലെ മുളവക്കാട് ഗ്രാമ പഞ്ചായത്തിലെ ഒൻപതാം വാർഡിൽ 99-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം - ഭരണാനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(കൈ) നം.29/2020/ തസ്വഭവ. തീയതി, തിരുവനന്തപുരം, 05.02.2020.**

പരാമർശം : 1) സ.ഉ (അച്ചടി) നം. 332/2012/ ധന, തീയതി 11/06/2012.

2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 16.03.2017 ലെ ഡി.ബി2-2202/2017/ സിഇ/തസ്വഭവ. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ വൈപ്പിൻ നിയോജകമണ്ഡലത്തിലെ ശ്രീ.എസ്.ശർമ്മ എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൻ കീഴിൽ വൈപ്പിൻ നിയോജകമണ്ഡലത്തിലെ മുളവക്കാട് ഗ്രാമ പഞ്ചായത്തിലെ ഒൻപതാം വാർഡിൽ 99-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണ പദ്ധതിയുടെ ഭരണാനുമതിയ്ക്കായി പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ 14,50,000/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും വകുപ്പുതല നടപടികളും പാലിച്ചുകൊണ്ടും, പ്രസ്തുത അംഗൻവാടി കെട്ടിടം പുറംമ്പോക്ക് ഭൂമിലായതിനാൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് പ്രസ്തുത ഭൂമി സർക്കാരിന്റെ ഉടമസ്ഥതയിൽ ആക്കേണ്ടതാണെന്ന നിബന്ധനയോടെ എറണാകുളം ജില്ലയിലെ വൈപ്പിൻ നിയോജകമണ്ഡലത്തിലെ ശ്രീ. എസ്. ശർമ്മ എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൻകീഴിൽ വൈപ്പിൻ നിയോജകമണ്ഡലത്തിലെ മുളവക്കാട് ഗ്രാമ പഞ്ചായത്തിലെ ഒൻപതാം വാർഡിൽ 99-ാം നമ്പർ അംഗൻവാടി കെട്ടിട

നിർമ്മാണത്തിന് 14,50,000/- രൂപ (രൂപ പതിനാല് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിലേയ്ക്കാവശ്യമായ തുക 4515-00-800-96 projects under LAC-ADS (NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ.ബി**
ഗവ. ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. ശർമ്മ, എം.എൽ.എ, വൈപ്പിൻ നിയോജകമണ്ഡലം, എറണാകുളം ജില്ല.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, എറണാകുളം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
സെക്രട്ടറി, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം.
സെക്രട്ടറി, മുളവക്കാട് ഗ്രാമ പഞ്ചായത്ത്, എറണാകുളം ജില്ല.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള.
ധനകാര്യ വകുപ്പ് (ഐ.ഡി നം. 881/NC-B3/2016/Fin dated 02/05/2017)
സാമൂഹ്യ നീതി വകുപ്പ് (സാനീവ-ബി1/263/2017/ സാനീവ തീയതി 26/12/2019).
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെ ബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നം. 40/ ഇപിഎ 3/2017)

ഉത്തരവിൻപ്രകാരം

DenyaM

സെക്ഷൻ ഓഫീസർ